# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:524** **26.03.2018-ൽ മറുപടിയ്ക്ക്**

## മൽസ്യത്തിലെ മായം പരിശോധിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തിൽ മായമോ വിഷാംശമോ കലർന്നുവോയെന്ന് കണ്ടെത്തുന്നതിനുള്ള പരിശോധന ഫിഷറീസ് വകുപ്പ് ശക്തമാക്കിയിട്ടുണ്ടോ; | എ) മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തുന്നത് തടയുവാൻ ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും സംയുക്തമായി എല്ലാ ജില്ലകളിലും സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി വരുന്നതു കൂടാതെ മത്സ്യത്തിലെ മായം ചേർക്കൽ കണ്ടുപിടിക്കുന്നതിനു സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഫ്റ്റ് ) വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യയും ഉപയോഗിക്കുന്നു.<br><br>സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റുകൾ, ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണത്തിന്റെ ദൂഷ്യ ഫലങ്ങളെക്കുറിച്ചും ആയതു മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ ക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതാണ്. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ നേതൃത്വത്തിൽ കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ വിവിധ മത്സ്യമാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് മത്സ്യങ്ങളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങളെക്കുറിച്ച് നടത്തിയ പഠനത്തിൽ 16% സാമ്പിളുകളിൽ മാത്രമേ ഫോർമാലിൻ, അമോണിയ മുതലായവയുടെ അനുവദനീയമായ അളവിൽ കൂടുതൽ കാണാനിടയായത്. ഇതു കൂടാതെ സംസ്ഥാന |

ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും ചേർന്ന് സംസ്ഥാനത്തെ വിവിധ ഹാർബറുകളിൽ നിന്നും മത്സ്യമാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിന്റെ ഫലമായി ഫോർമാലിൻ എന്ന രാസപദാർത്ഥത്തിന്റെ അംശം കുറച്ച് ചില സാമ്പിളുകളിൽ കണ്ടെത്തിയതിനെ തുടർന്ന് ഇത്തരം മത്സ്യം വിപണനത്തിനെത്തിച്ച വ്യാപാരികൾക്ക് ശക്തമായ താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പരിപാടിയുടെ തുടർപ്രവർത്തനം എന്ന നിലയിൽ സംസ്ഥാനത്തെ പ്രധാന മത്സ്യ മാർക്കറ്റുകളിൽ മത്സ്യകച്ചവടം നടത്തുന്നവരുടെ വിവരം ശേഖരിച്ച് മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള കർശനമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതു കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യ വിപണന ഏജന്റുമാരെ വിളിച്ചു ചേർത്ത് മദ്ധ്യ മേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ശിൽപശാലയും സംഘടിപ്പിച്ചിട്ടുള്ള താണ്.

| | |
|---|---|
| ബി) ഈ പരിശോധന മത്സ്യ വില്പനക്കാരുടെ ഇടയിൽ മാത്രം നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) മത്സ്യത്തിൽ വിഷാംശം കലർത്തുന്നത് തടയുന്നതിന്റെ ഭാഗമായുള്ള പരിശോധന മത്സ്യവിൽപനക്കാരുടെ ഇടയിൽ മാത്രം നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും മത്സ്യം കയറ്റി വരുന്ന വാഹനങ്ങൾ പരിശോധിക്കാതെ നിർദ്ധനരായ മത്സ്യവില്പനക്കാരെ ഇതിന്റെ പേരിൽ കുറ്റക്കാരായി ചിത്രീകരിക്കുന്ന നടപടി പുനപരിശോധിക്കുമോ; വിശദമാക്കുമോ? | സി) നിർദ്ധനരായ മത്സ്യവില്പനക്കാരെ കുറ്റക്കാരായി ചിത്രീകരിക്കുന്നതിനല്ല ഈ നടപടികളുടെ ലക്ഷ്യം. മായം കലരാത്ത മത്സ്യം നമ്മുടെ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള ജാഗ്രത മാത്രമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്നും മത്സ്യം കയറ്റി വരുന്ന വാഹനങ്ങൾ പരിശോധിക്കുവാൻ ഫിഷറീസ് വകുപ്പിന് ഇപ്പോൾ അധികാരമില്ല. ബന്ധപ്പെട്ട വിഷയത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനാണ് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനം നടത്തുവാൻ സാധിക്കുന്നത്. 'കേരള മത്സ്യലേലം, വിപണനം, ഗുണനിലവാരം ബിൽ 2018' സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br>ആയതു നിയമമാക്കുന്ന മുറയ്ക്ക് മത്സ്യം കയറ്റിവരുന്ന വാഹനങ്ങളുടെ പരിശോധന കർശനമാക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**